**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 787** **14-01-2021 - ൽ മറുപടിയ്ക്ക്**

**വീട്ടൂർ, കുറ്റ, പള്ളിമുകൾ കോളനികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വീട്ടൂർ കോളനിയിലെ അടിസ്ഥാന വികസന പ്രവൃത്തികൾ തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തിയിൽ കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികസനമാണ് അംബേദ്കർ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നത്. എന്നതിനാൽ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതും മുഴുവൻ തുകയും ഒരു പ്രവൃത്തിയ്ക്കായി മാത്രം അനുവദിക്കാൻ പാടില്ലാത്തതുമാണ്. ആയതിനാൽ കോളനിയുടെ വികസനത്തിനാവശ്യമായ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നിർമ്മാണ ചുമതല നിൽകിയിട്ടുള്ള നിർമ്മിതി കേന്ദ്രത്തിന് എത്രയും വേഗം നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കുമോ; | (ബി) | പുതിയ പ്രവൃത്തികൾ പദ്ധതി മാർഗ്ഗരേഖ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് ശിപാർശ ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്കാണ് പ്രവൃത്തികൾ ആരംഭിക്കുന്നത്. |
| (സി) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റ, പള്ളിമുകൾ കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | പള്ളിമുകൾ കോളനിയിൽ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികളും കമ്മ്യൂണിറ്റി ഹാൾ നിർമ്മാണ പൂർത്തീകരണവും മാത്രമാണ് ശേഷിക്കുന്നത്. കുറ്റ കോളനിയിൽ വാട്ടർടാങ്ക് അനുബന്ധ ജോലികൾ നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ്. ടി പ്രവൃത്തി അവശേഷിക്കുന്നു. നിലവിൽ 70% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ടി രണ്ട് കോളനികളിലും നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15 ന് മുമ്പ് പൂർത്തീകരിക്കുന്നതിന് 30.12.2020 ലെ മന്ത്രിതല റിവ്യൂ മീറ്റിങ്ങിൽ ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ